**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 81** **08-08-2023 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തി വരുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തി വരുന്ന പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു : |

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | വടകര – മാഹി കനാൽ നിർമ്മാണം (ചെയിനേജ് 460.620 മുതൽ 464.210 വരെ) | എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചി ട്ടുണ്ട്. എന്നാൽ അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിൽ മണ്ണിന്റെ റിക്കവറി നിരക്കുകൾ കൂട്ടുതലായി ഈടാക്കിയതിനാൽ ടി. എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി പ്രവൃത്തികൾ നടപ്പാക്കുവാൻ കരാറുകാരൻ തയ്യാറായിട്ടില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട കേസ് ബഹു.കേരള ഹൈക്കോടതിയുടെ പരിഗണ നയിലാണ്. |
| 2. | വടകര – മാഹി കനാലിന് കുറുകെ കരിങ്ങാലിമുക്കിൽ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം | പ്രവൃത്തി നല്ല രീതിയിൽ പുരോഗമിച്ചു വരുന്നു. നിലവിൽ 57% പൂർത്തിയായിട്ടുണ്ട്. |
| 3. | വടകര – മാഹി കനാലിന് കുറുകെ വെങ്ങോലിയിൽ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം | 82% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നു വരുന്നു. |
| 4. | എടച്ചേരി പഞ്ചായത്തിലെ | പ്രവൃത്തി നല്ല രീതിയിൽ പുരോഗമിച്ചു വരുന്നു. 65% |

| | | |
|---|---|---|
| | കായപ്പനിച്ചിയിൽ മാഹി പുഴയുടെ ഇടതു കരയിൽ ബോട്ട് ജെട്ടി നിർമ്മാണം | പൂർത്തിയായിട്ടുണ്ട്. |
| 5. | വടകര – മാഹി കനാലിന്റെ വലതു കരയിൽ വെങ്ങോലി മുതൽ പൊതിമഠത്തിൽ താഴെ വരെ കനാൽ ബണ്ട് റോഡ് വികസന പ്രവൃത്തി | പ്രവൃത്തിയുടെ 60% പൂർത്തിയായിട്ടുണ്ട്. ശേഷിച്ച പ്രവൃത്തികൾ നടന്നുവരുന്നു. |
| 6. | എടച്ചേരി പഞ്ചായത്തിലെ കച്ചേരിയിൽ മാഹി പുഴയുടെ ഇടതുകരയിൽ ബോട്ട് ജെട്ടി നിർമ്മാണം | പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. CRZ അനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 7. | വടകര – മാഹി കനാലിന് കുറുകെ കേളോത്ത് കണ്ടിതാഴെ സ്റ്റീൽ ഫൂട്ട് ബ്രിഡ്ജ് നിർമ്മാണം | പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കളിയാംവള്ളി പാലം നിർമ്മാണത്തിന് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | കളിയാംവള്ളി പാലം നിർമ്മിക്കുന്നതിന് ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) തയ്യാറാക്കിയ ഡിസൈൻ പ്രകാരം DPR തയ്യാറാക്കി വരുന്ന സമയത്ത്, കോട്ടപ്പള്ളിയിൽ നിർമ്മിക്കേണ്ട പാലത്തിന്റെ ഡിസൈനിൽ ധനകാര്യ ചീഫ് ടെക്നിക്കൽ എക്സാമിനർ (CTE) ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിനാൽ പ്രസ്തുത മാറ്റങ്ങൾ കളിയാംവള്ളി പാലത്തിന് കൂടി വരുത്തുന്നതിന് ഡിസൈൻ പുതുക്കുന്നതിനായി IDRB-യിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ